(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളിലെ ന്യൂനതകളെപ്പറ്റി ഇതുവരെ ബന്ധപ്പെട്ട അധികാരസ്ഥൻമാർക്ക് ഓരോ വർഷവും എത്ര പരാതികൾ വീതം ലഭിച്ചിട്ടുണ്ട് ;

(ബി) ഈ പരാതികളിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിവരമെന്തായിരുന്നു ;

(ഡി) ബന്ധപ്പെട്ട അധികാരസ്ഥൻമാർ സ്വമേധയായി പദ്ധതി പ്രവർത്തനത്തെപ്പറ്റി എത്ര അന്വേഷണങ്ങൾ നടത്തി ;

(ഇ) ഒരന്വേഷണവും നടത്താത്തപക്ഷം കാരണം വ്യക്തമാക്കാമോ ;

(എഫ്) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനത്തെപ്പറ്റി ഓംബുഡ്സ്മാന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ജി) അതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എച്ച്) പ്രസ്തുത അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഐ) ഓംബുഡ്സ്മാൻ സ്വമേധയാ ആയി ഇക്കാര്യത്തിൽ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ;

(ജെ) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരാതികൾ ലഭിക്കുന്ന മുറയ്ക്ക് വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പരാതികൾ ലഭിക്കുന്നമുറയ്ക്ക് അന്വേഷണം നടത്തുന്നുണ്ട്.

(എഫ്-ജെ) ഓംബുഡ്സ്മാൻ നിലവിൽവന്നിട്ട് എതാനും ആഴ്ചകൾ മാത്രമേ ആയിട്ടുള്ളൂ. കേസുകൾ രജിസ്റ്റർ ചെയ്തു തുടങ്ങിയിട്ടില്ല.

മൈനസ് ഫണ്ട് വിസ്തൃതിപ്പെടുത്തിയിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾ

20(400) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദൈനംദിന പ്രവർത്തനഫണ്ട് പൂർണ്ണമായും ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തുകളെ മൈനസ് ഫണ്ട് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര ബ്ലോക്ക് പഞ്ചായത്തുകളെ 1999-2000-ൽ ഈ ലിസ്റ്റിൽപ്പെടുത്തിയെന്ന് വെളിപ്പെടുത്തുമോ ;

(സി) വകമാറ്റി തുക ചെലവുചെയ്ത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും 18 ശതമാനം പലിശ സഹിതം ഈ തുക ഈടാക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ എത്ര സെക്രട്ടറിമാരിൽ നിന്നും ഈ അടിസ്ഥാനത്തിൽ തുക ഈടാക്കേണ്ടതായി വരുമെന്നറിയിക്കുമോ ?

ഉത്തരം

(എ) മൈനസ് ഫണ്ട് ലിസ്റ്റ് എന്ന ഒരു ലിസ്റ്റ് നിലവിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) അംഗങ്ങൾക്കും ജീവനക്കാർക്കും ശമ്പളം ഓണറേറിയം മുതലായവ നൽകുന്നതിന് എസ്റ്റാബിളിഷ്മെന്റ് ഗ്രാന്റ് മതിയാകാത്ത സാഹചര്യത്തിൽ മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവ് ചെയ്ത ചില സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അത്തരത്തിലുള്ള കണക്കെടുപ്പ് നടത്തിയിട്ടില്ല.

ത്രിതല പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ്

21(401) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകൾ നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളിലെ ന്യൂനതകൾ കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(ബി) ഇവയുടെ കണക്കുകളുടെ ഓഡിറ്റിംഗ് ഏതുകാലം വരെയുള്ളത് നടത്തിയിട്ടുണ്ട് ;

(സി) ഇവയുടെ പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം തലത്തിലുള്ള എത്ര പഞ്ചായത്തുകളിൽ ഏതുവർഷം വരെ നടത്തിയിട്ടുണ്ട് ;

(ഇ) ബാക്കി ത്രിതലപഞ്ചായത്തുകളിലെ തുടർന്നുള്ള കാലങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് നടത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly